## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3840. 17.12.2015 ൽ മറുപടിയ്ക്ക്.**

### എൻഫോഴ്സ്മെന്റ് വിംഗിന്റെ ചുമതലകൾ

| ചോദ്യം<br>ശ്രീ.എം. ഉമ്മർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ കീഴിൽ പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് വിംഗിന്റെ ചുമതലകൾ വിശദമാക്കാമോ ; | (എ) | 1. മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുക.<br>2. ദേശീയ പാതകളിലെയും അപകട സാധ്യത കൂടിയ സ്ഥലങ്ങളിലെയും വാഹന പരിശോധനകൾക്ക് പ്രത്യേക ഊന്നൽ നൽകുക.<br>3. വാഹന നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുക.<br>4. ജി ഫോറത്തിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ സർവ്വീസ് നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തി ഇടക്കാല റിപ്പോർട്ട് നൽകുക.<br>5. പെർമിറ്റ് നിബന്ധനകൾക്ക് വിരുദ്ധമായി സർവ്വീസ് നടത്തുന്ന സംസ്ഥാനത്തിനുള്ളിൽ രജിസ്റ്റർ ചെയ്യപ്പെട്ട വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്യുക.<br>6. പെർമിറ്റ് നിബന്ധനകൾക്ക് വിരുദ്ധമായി ഇന്റർസ്റ്റേറ്റ് ആയി സർവ്വീസ് നടത്തുന്ന വാഹനങ്ങൾ പിടിച്ചെടുക്കുകയും നികുതി ഈടാക്കുകയും ചെയ്യുക.<br>7. അമിതഭാരം കയറ്റിയ വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിയ്ക്കുക. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മോട്ടർ വാഹനങ്ങളിലെ ശബ്ദപരിധിയുടെ കാര്യത്തിൽ നിയമ ലംഘനം നടത്തിയ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (ബി) | 39502 |
| (സി) | ഇത്തരം എത്ര പരാതികളിന്മേൽ തീർപ്പു കൽപ്പിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) | 29964 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളിൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.